കെട്ടിട നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

226 (T 3380) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും കെട്ടിടനിർമ്മാണ മേഖലയെ ബാധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും നടക്കുന്ന സീസണുകളിൽ സിമന്റ് കമ്പനികൾ വില കൂട്ടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷമുള്ള സിമന്റ് വിലയും വിവിധ സിമന്റുവിലയും എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) തമിഴ്നാട് ഉൾപ്പെടെ പല സംസ്ഥാനങ്ങളും കുറഞ്ഞ വിലയ്ക്ക് സിമന്റും മറ്റു കെട്ടിടനിർമ്മാണ സാമഗ്രികളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തും നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ ലഭ്യമാകാത്തത് മൂലം പാറപ്പൊടിയുടെയും മറ്റു നിർമ്മാണ ഉല്പന്നങ്ങളുടെയും വില വർദ്ധിച്ചത് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(എഫ്) നിർമ്മാണ വസ്തുക്കളുടെ ക്ഷാമവും വിലക്കയറ്റവുംമൂലം പൊതുരാമത്ത് പണികളും കെട്ടിടനിർമ്മാണവും മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇങ്ങനെ കെട്ടിടനിർമ്മാണം തുടങ്ങി പൂർത്തീകരിക്കാൻ കഴിയാത്തവർ എത്രയെന്നും വ്യക്തമാക്കുമോ; ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും കെട്ടിട നിർമ്മാണ മേഖലയെ ബാധിച്ചിട്ടുണ്ട്. രൂക്ഷമായ മണൽ ക്ഷാമം പരിഹരിക്കുന്നതിനായി അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനാദായകരമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി രൂപീകരിക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് 4-3-2-2014-ലെ സ.ഉ. (എം.എസ്.) 38/14/വ്യവ. പ്രകാരം കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മണലിന്റെ ലഭ്യതക്കുറവ് ഒരു

* T കാറ്റി വച്ച ചോദ്യത്തിനുള്ള മറുപടി

LIBRARY ARCHIVES Kerala Legislative Assembly

പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റ്, കമ്പി എന്നിവ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്. സിമന്റ് ബ്ലോക്കുകൾ, പെയിന്റ്, റെഡിമിക്സ് മോർട്ടാർ എന്നിവ വിതരണം ചെയ്യാനും നടപടികൾ സ്വീകരിച്ചുവരുന്നു. ക്രഷർ ഉല്പന്നങ്ങളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് കേരള സിമന്റ് ബ്ലോക്ക് മാനുഫാക്ചറിംഗ് അസോസിയേഷൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും സാധ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും അതിനനുസരിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ അനുസരിച്ച് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നാണ് പെർമിറ്റുകൾ നിയമാനുസൃതം നൽകി വരുന്നുണ്ട്.

(സി) സിമന്റ് കമ്പനികൾ വില കൂട്ടുന്നത് തടയുന്നതിനായി 5-2-15-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ സിമന്റ് നിർമ്മാതാക്കളുമായി ചർച്ച നടത്തി. അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സിമന്റിന് 300/- രൂപയും നിലവിലെ വില 380 രൂപയുമാണ്.

(ഡി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ലഭ്യമല്ല.

(ഇ) സിഡ്കോ സംസ്ഥാനത്തിന് പുറത്തുനിന്നും മണൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ്, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിന്റെ 50% സിഡ്കോ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഖനന നയം

227 (3381) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഖനന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly